**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് – കുടുംബശ്രീയുടെ സാമ്പത്തിക ഇടപാടുകൾ പരിശോധിക്കുന്ന ചുമതല ധനകാര്യ ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിഭാഗത്തിന് നൽകിയ നടപടി റദ്ദ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു**

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(എം.എസ്) നം. 258/2011/തസ്വഭവ. തീയതി, തിരുവനന്തപുരം 19/10/2011**

---

പരാമർശം (1) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15/06/2010 ലെ കെ.എസ്./901/07/ഇ നമ്പർ കത്ത്.

(2) 28/09/2011 ലെ ജി. ഒ. (എം.എസ്) നമ്പർ 236/2011/തസ്വഭവ

(3) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11/10/2011 ലെ കെ.എസ്. 901/2007/ഇ നമ്പർ കുറിപ്പ്.

**ഉത്തരവ്**

കുടുംബശ്രീയുടെ 2004–05, 2005–06 സാമ്പത്തിക വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടുകളിൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് കുടുംബശ്രീ മിഷൻ ഓഫീസുകളിലെ ധനവിനിയോഗം യഥാസമയങ്ങളിൽ പരിശോധിക്കുന്നതിനായി ഒരു ഇന്റേണൽ ആഡിറ്റ് വിംഗ് രൂപീകരിക്കേണ്ടതുണ്ടെന്നും, ആയതിലേക്കായി ഒരു സൂപ്രണ്ട്, രണ്ട് ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് എന്നീ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും കുടുംബശ്രീയിൽ ഇന്റേണൽ ആഡിറ്റ് വിംഗ് തുടങ്ങുന്നതിനായി പുതിയ തസ്തികകൾ അനുവദിക്കേണ്ടതില്ലായെന്നും കുടുംബശ്രീ സംസ്ഥാന ജില്ലാ മിഷൻ ഓഫീസുകളിലെ സാമ്പത്തിക ഇടപാടുകളുടെ പരിശോധനാചുമതല ധനകാര്യ ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിഭാഗത്തിന് നൽകാമെന്ന് തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 ലെ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ സംസ്ഥാന – ജില്ലാ മിഷൻ ഓഫീസുകളിലെ സാമ്പത്തിക ഇടപാടുകൾ പരിശോധിക്കുന്ന ചുമതല ധനകാര്യ ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിഭാഗത്തിന് നൽകിക്കൊണ്ട് ഉത്തരവായിരുന്നു.

കുടുംബശ്രീയുടെ സാമ്പത്തിക കാര്യങ്ങൾ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റു പ്രകാരം ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് കമ്പനി നിർവ്വഹിക്കുന്നുണ്ടെന്നും കഴിഞ്ഞ വർഷം ഈ മിഷനിലൂടെ നടപ്പിലാക്കിയ എല്ലാ പരിപാടികളും വിശദമായ ഓഡിറ്റിംഗിനു വിധേയമാക്കി അക്കൗണ്ടന്റ് ജനറൽ സമർപ്പിച്ച റിപ്പോർട്ടിൽ ഏതെങ്കിലും സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയതായി രേഖപ്പെടുത്തിയിട്ടില്ലായെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമരശം 3 പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 14 ജില്ലാമിഷൻ ഓഫീസുകളിൽ 10 എണ്ണത്തിലും ഇന്റേണൽ ആഡിറ്റിംഗ് പൂർത്തിയാക്കിക്കഴിഞ്ഞതായും 4 ജില്ലകളിലെ ഇന്റേണൽ ആഡിറ്റു നടത്തുവാൻ നടപടികൾ സ്വീകരിച്ചുവരികയാണെന്നും, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ ആഡിറ്റു അതാതു സ്ഥാപനം തന്നെ നടത്തുമ്പോൾ ചാർട്ടേഡ് അക്കൗണ്ടന്റും അക്കൗണ്ടന്റ് ജനറലും ഇതു വരെ യാതൊരു വിധ സാമ്പത്തിക ക്രമക്കേടുകളും റിപ്പോർട്ടു ചെയ്തിട്ടില്ലാത്ത കുടുംബശ്രീ മിഷനിലെ സാമ്പത്തിക ഇടപാടുകൾ പരിശോധിക്കുന്ന ചുമതല ധനകാര്യ ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിഭാഗത്തെ ഏൽപ്പിച്ചുകൊണ്ടുള്ള മേൽ രണ്ടാം പരാമർശ ഉത്തരവ് റദ്ദ് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇന്റേണൽ ആഡിറ്റിംഗ് കുടുംബശ്രീ മിഷൻ തന്നെ നടത്തിവരുന്ന സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത ചുമതല ധനകാര്യ ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിഭാഗത്തിന് നൽകിക്കൊണ്ട് പരാമർശം 2 പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു. ഇപ്പോൾ

അനുവർത്തിച്ചുവരുന്നതുപോലെ ഇന്റേണൽ ആഡിറ്റിംഗ് കുടുംബശ്രീ മിഷൻ സ്വന്തം നിലയ്ക്ക് തന്നെ ചെയ്യേണ്ടതാണ്. ഇതിനായി അധിക തസ്തികകൾ അനുവദിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.
വി. എസ്. സുരേഷ്കുമാർ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം.
ധനകാര്യ വകുപ്പിന്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ